തർബിയ്യത്ത്

ഷാനവാസ് കൊല്ലം

# രോഗം വിശ്വാസിയുടെ കണ്ണിൽ

**വിശ്വാസി ആകാശത്തിനും ഭൂമിക്കും അപ്പുറത്തേക്ക് കണ്ണുകളയക്കുന്നവനാണ്. ഭൗതികലോകത്ത് നടക്കുന്ന സംഭവങ്ങളുടെ പിന്നിൽ ഒരു അദൃശ്യസാന്നിധ്യത്തിന്റെ ആസൂത്രണങ്ങൾ അവൻ കണ്ടെത്തുന്നു. അങ്ങനെ വരുമ്പോൾ രോഗത്തിന് ഭൗതികാതീതമായ ചില മാനങ്ങൾ ഉള്ളതായി അവർ തിരിച്ചറിയുന്നു.**

**രോഗം** മനുഷ്യജീവിതത്തിലെ ഒരു യാഥാർഥ്യമാണ്. വിശേഷിച്ചും ആധുനിക മനുഷ്യന്റെ ജീവിതത്തിൽ രോഗങ്ങളുടെ സാന്നിധ്യം നിരന്തരം വർധിച്ചുവരികയാണ്. പുതിയ ജീവിതസാഹചര്യങ്ങളും ഭക്ഷണശീലങ്ങളുമൊക്കെയാണ് ഇതിന്റെ പ്രധാന കാരണം. ആരോഗ്യസംരക്ഷണത്തിനുപയുക്തമായ രീതിയിൽ ഇത്തരം കാര്യങ്ങളെ സജ്ജീകരിക്കേണ്ടതനിവാര്യമാണ്. മാത്രമല്ല, രോഗമുക്തിക്കാവശ്യമായ ഫലപ്രദമായ ചികിത്സാ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. 'എല്ലാ രോഗത്തിനും മരുന്നുണ്ട്' എന്നാണ് നബി(സ) നമ്മെ പഠിപ്പിച്ചിട്ടുള്ളത്. അതോടൊപ്പം, നമ്മെ ബാധിക്കുന്ന രോഗങ്ങളോട് വിശ്വാസപരമായ ഒരു സമീപനം രൂപപ്പെടുത്തേണ്ടതും ആവശ്യമാണ്.

പലരും രോഗങ്ങൾവരുമ്പോൾ പതറിപ്പോകുന്നതും അക്ഷമരാകുന്നതും കാണാം. അത് ദൈവകോപമാണെന്നും കഷ്ടകാലമാണെന്നും നാം പെട്ടെന്ന് വിധിക്കുന്നു. കാര്യങ്ങൾ അവധാനതയോടെ വിലയിരുത്താതിരിക്കുന്നതും ആഴത്തിൽ ചിന്തിക്കാതിരിക്കുന്നതുമാണ് നമ്മെ ഇങ്ങനെയൊരു തീർപ്പിലെത്തിക്കുന്നത്. പലപ്പോഴും നാം ഭൗതിക മാനദണ്ഡങ്ങൾ മാത്രമാണ് ഇത്തരം കാര്യങ്ങളിലൊക്കെ അവലംബിക്കാറുള്ളത്. യഥാർഥത്തിൽ വിശ്വാസി ആകാശത്തിനും ഭൂമിക്കും അപ്പുറത്തേക്ക് കണ്ണുകളയക്കുന്നവനാണ്. ഭൗതികലോകത്ത് നടക്കുന്ന സംഭവങ്ങളുടെ പിന്നിൽ ഒരു അദൃശ്യസാന്നിധ്യത്തിന്റെ ആസൂത്രണങ്ങൾ അവൻ കണ്ടെത്തുന്നു. അങ്ങനെ വരുമ്പോൾ രോഗത്തിന് ഭൗതികാതീതമായ ചില മാനങ്ങൾ ഉള്ളതായി അവൻ തിരിച്ചറിയുന്നു.

രോഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പോലും നാം ആദ്യം ഓർക്കേണ്ട സംഗതി അല്ലാഹുവിന്റെ കാരുണ്യമാണ്. നമ്മിലും നമുക്കു ചുറ്റുമുള്ള പ്രപഞ്ചത്തിലും വിളങ്ങിനിൽക്കുന്നത് അല്ലാഹുവിന്റെ കാരുണ്യമാണ്. ജീവിതകാലയളവിൽ നമ്മെ ഓരോ നിമിഷവും നിലനിർത്തുന്നതും പരിപാലിക്കുന്നതും ഈ ദിവ്യകാരുണ്യമാണ്. നമ്മുടെ രോഗാവസ്ഥയും അരോഗാവസ്ഥയുമൊന്നും ഇതിന്നപവാദമല്ല. നബി(സ) ഒരിക്കൽ യുദ്ധത്തടവുകാർക്കിടയിൽ ഒരു സ്ത്രീയെ കാണാനിടയായി. തന്റെ കുഞ്ഞിനെ വളരെ വാത്സല്യപൂർവം മാറോട് ചേർത്തുപിടിച്ചുകൊണ്ടാണവർ നടക്കുന്നത്. അവളെ ചൂണ്ടി റസൂൽ(സ) അനുചരന്മാരോട് ചോദിച്ചു: "ഇവൾ തന്റെ കുഞ്ഞിനെ കൈവെടിയുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?" അനുചരന്മാർ: "ഇല്ല റസൂലേ...." പ്രവാചകൻ: "ഇവർക്ക് തന്റെ കുഞ്ഞിനോടുള്ളതിനേക്കാൾ കാരുണ്യം അല്ലാഹുവിന് തന്റെ ദാസന്മാരോടുണ്ട്." അതിനാൽ രോഗികൾ സന്തോഷിച്ചുകൊള്ളട്ടെ. തന്റെ ക്ഷമക്കും സഹനത്തിനും പകരമായി കൂടുതൽ കാരുണ്യവും അനുഗ്രഹവും അവന്റെ മേൽ വർഷിക്കാൻ പോകുന്നു. മനുഷ്യനെ അല്ലാഹുവിലേക്കടുപ്പിക്കുന്ന പാലമാണ് യഥാർഥത്തിൽ രോഗം. മാലിന്യങ്ങളിൽനിന്നവനെ സ്ഫുടം ചെയ്തെടുക്കുന്ന അഗ്നിയാണത്. എത്രയെത്ര മഹാത്മാക്കളും പ്രവാചകന്മാരും രോഗത്തിന്റെ തീക്ഷ്ണമായ അഗ്നിനാളങ്ങളിലൂടെ കടന്നുപോയിരിക്കുന്നു.

രോഗം യഥാർഥത്തിൽ അല്ലാഹു വിശ്വാസികൾക്കേൽപിക്കുന്ന പരീക്ഷണത്തിന്റെ ഒരിനമാണ്. ദൈവവിധിയിൽ ക്ഷമയും സഹനവും പുലർത്തി, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കി ഇഹപരവിജയം നേടാനാണോ മനുഷ്യൻ ശ്രമിക്കുക; അതോ നിരാശയും അക്ഷമയും പുലർത്തി ആത്യന്തിക പരാജയത്തിലേക്കാണോ അവൻ ചെന്നെത്തുക എന്നാണ് പരീക്ഷിക്കപ്പെടുന്നത്. ഇത്തരം ചില പരീക്ഷണങ്ങളെക്കുറിച്ച് സൂറ *അൽബഖറ* 155-ാം സൂക്തത്തിൽ വിശദമായിത്തന്നെ പറയുന്നുണ്ട്. എന്നിട്ടിങ്ങനെ ഉപസംഹരിക്കുന്നു: "അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സന്മാർഗം പ്രാപിച്ചർ." എത്ര മധുരമുള്ള വാക്കുകളാണിത്. ഒരു രോഗിക്ക് ഇതിനേക്കാൾ മെച്ചപ്പെട്ട സാന്ത്വനം പകരാൻ നമുക്കാവില്ല. അല്ലാഹുവിന്റെ അനുഗ്രഹ

ങ്ങളുടെയും കാരുണ്യത്തിന്റെയും സന്മാർഗത്തിന്റെയും അത്ഭുത ലോകത്തേക്കുള്ള വാതിൽ തുറക്കുന്ന താക്കോലാണ് രോഗം എന്നു ചുരുക്കം.

അല്ലാഹു ഒരു വ്യക്തിയെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവുകൂടിയാണ് രോഗം. അനസുബ്നു മാലിക്(റ) നബി(സ)യിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: ''കടുത്ത പരീക്ഷണത്തോടൊപ്പമാണ് വലിയ പ്രതിഫലമുള്ളതെന്നു തീർച്ച. താൻ സ്നേഹിക്കുന്ന വിഭാഗത്തെ അല്ലാഹു പരീക്ഷിക്കുക തന്നെ ചെയ്യും. അതിൽ സംതൃപ്തിയാകുന്നവന് ദൈവപ്രീതി ലഭിക്കും. ആരെങ്കിലും ദുഃഖിതനായാൽ അവൻ ദൈവകോപത്തിനിരയാവും" (തിർമിദി).

ഓർക്കുക "താൻ സ്നേഹിക്കുന്നവരെ അല്ലാഹു പരീക്ഷിക്കും" എന്നാണ് പറഞ്ഞത്. ദിവ്യസ്നേഹമാണ് ഒരു വിശ്വാസിക്ക് തന്റെ ജീവിതത്തിലൂടെ നേടേണ്ട ആത്യന്തിക ലക്ഷ്യം. അതിന് വേണ്ടിയാണ് അവൻ ഇരവും പകലും അധ്വാനിക്കുന്നത്. അതിനിടയിൽ അവന് സംഭവിക്കുന്ന രോഗം ദൈവവുമായുള്ള അവന്റെ അകലം വർധിപ്പിക്കുകയല്ല ചെയ്യുക. മറിച്ച്, അല്ലാഹുവിലേക്കുള്ള അവന്റെ അകലങ്ങൾ ഇല്ലാതാക്കുകയാണ്. ഇതിനേക്കാൾ വലിയൊരു സൗഭാഗ്യം മറ്റെന്തുണ്ട്. കുറച്ചുകൂടി മുന്നോട്ടുപോയാൽ രോഗിയെ സംബന്ധിച്ചേടത്തോളം ഏറ്റവും ആഹ്ലാദകരമായ ചില അരുളപ്പാടുകൾ പ്രവാചക വചനപ്രസാദത്തിൽനിന്നും കണ്ടെടുക്കാൻ കഴിയും. ''അന്ത്യദിനത്തിൽ അല്ലാഹു ചോദിക്കും: ആദമിന്റെ പുത്രാ... എനിക്ക് രോഗബാധയുണ്ടായി. പക്ഷേ നിയെന്നെ സന്ദർശിച്ചില്ല. മനുഷ്യൻ: എന്റെ നാഥാ! എങ്ങനെയാണ് ഞാൻ നിന്നെ സന്ദർശിക്കുക? നീ ലോകങ്ങളുടെ നാഥനല്ലേ? അല്ലാഹുവിന്റെ മറുപടി: എന്റെ ഇന്ന അടിമ രോഗിയായ വിവരം നീ അറിഞ്ഞു. പക്ഷേ നീ അയാളെ സന്ദർശിച്ചില്ല. നീ അയാളെ സന്ദർശിച്ചിരുന്നെങ്കിൽ നിനക്ക് എന്നെ അയാളുടെസമീപത്തുതന്നെ കാണാമായിരുന്നു....'' ആലോചിച്ചു നോക്കുക. എത്ര സുന്ദരമായ വചനങ്ങൾ! എത്ര ആലോചനാമൃതം! നാഥൻ പറയുന്നു, ''എനിക്ക് രോഗം ബാധിച്ചു എന്ന്.'' രോഗിയെ താൻ തന്നെയായി പ്രതിഷ്ഠിക്കുന്നു. എത്ര വലിയ ബഹുമാനമാണിത്. വിശക്കുന്നവനെക്കുറിച്ചും ദാഹിക്കുന്നവനെക്കുറിച്ചും സമാനമായ പരാമർശങ്ങൾ തന്നെ പ്രസ്തുത പ്രവാചക വചനത്തിലുണ്ട്. ക്ഷമയോടും സഹനത്തോടും കഷ്ടപ്പാടുകളെ നേരിടുക എന്നതുതന്നെയാണ് ഭക്തിയുടെ ഏറ്റവും ഉന്നത വിതാനം എന്ന പാഠംകൂടി ഇവിടെയുണ്ട്.

**മനുഷ്യനെ അല്ലാഹുവിലേക്കടുപ്പിക്കുന്ന പാലമാണ് യഥാർഥത്തിൽ രോഗം. മാലിന്യങ്ങളിൽ നിന്നവനെ സ്ഫുടംചെയ്തെടുക്കുന്ന അഗ്നിയാണത്. എത്രയെത്ര മഹാത്മാക്കളും പ്രവാചകന്മാരും രോഗത്തിന്റെ തീക്ഷ്ണമായ അഗ്നിനാളങ്ങളിലൂടെ കടന്നുപോയിരിക്കുന്നു.**

"രോഗിയെ സന്ദർശിച്ചിരുന്നുവെങ്കിൽ നിനക്ക് എന്നെ അവന്റെ സമീപത്ത് തന്നെ കാണാമായിരുന്നു" എന്നാണ് തുടർന്ന് പറയുന്നത്. രോഗസന്ദർശനം ഒരു തീർഥാടനമാവുകയാണിവിടെ. മൂന്ന് പള്ളികളിലേക്ക് മാത്രമേ പ്രവാചകൻ തീർഥാടനമനുവദിച്ചിട്ടുള്ളൂ. എന്നാൽ എല്ലാ രോഗികളും നമ്മുടെ തീർഥാടനത്തിന് അർഹരാണ്. ഇഹലോകത്തു വെച്ചുതന്നെ ദൈവസന്ദർശനം നടത്തണമെന്നാഗ്രഹിക്കുന്നവർ, രോഗിയെ സന്ദർശിച്ചുകൊള്ളട്ടെ. രോഗിയുടെ സമീപത്തുതന്നെ അയാൾക്ക് ദൈവത്തെ കണ്ടെത്താൻ കഴിയും.

പാപനാശിനിയാണ് രോഗം. അബൂഹുറയ്റ(റ) നബി(സ)യിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: "വിശ്വാസിക്ക് സ്വദേഹത്തിലും സന്താനങ്ങളിലും ധനത്തിലും പരീക്ഷണങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. അങ്ങനെ ഒടുവിൽ യാതൊരു പാപഭാരവുമില്ലാതെ അയാൾക്ക് അല്ലാഹുവിനെ കണ്ടുമുട്ടാൻ കഴിയും" (തിർമിദി). സഅ്ദുബ്നു അബീവഖാസ്(റ) നബി(സ)യോട് ചോദിച്ചു: "ഏതു തരം ആളുകളാണ് കൂടുതൽ പരീക്ഷണങ്ങൾക്ക് വിധേയരാവുക? നബി(സ): പ്രവാചകന്മാർ. പിന്നെ തൊട്ടടുത്ത സ്ഥാനക്കാരും. ഓരോരുത്തരും തന്റെ ധർമനിഷ്ഠക്കനുസൃതമായി പരീക്ഷിക്കപ്പെടും. ഉറച്ച ധർമനിഷ്ഠ പുലർത്തുന്നവർക്ക് കടുത്ത പരീക്ഷണങ്ങളുണ്ടാവും. ധർമനിഷ്ഠയിൽ നിശ്ചയദാർഢ്യം കുറവുള്ളവർ അതിനനുസരിച്ചേ പരീക്ഷിക്കപ്പെടൂ. മനുഷ്യന് പരീക്ഷണങ്ങൾ തുടർന്നുകൊണ്ടേയിരിക്കും. യാതൊരു പാപഭാരവും ചുമക്കാതെ അയാൾക്ക് ഭൂമിയിൽ സ്വഛമായി നടക്കാൻ കഴിയുവോളം അതു തുടരും." നാം ചെയ്യുന്ന പല തെറ്റുകളും നാം മറന്നുപോവാറുണ്ട്. അവയെക്കുറിച്ച് പശ്ചാത്തപിക്കാൻ നാം മറന്നുപോവും. ഇത്തരം ഘട്ടങ്ങളിൽ നമ്മുടെ പാപമോചനത്തിന് അല്ലാഹുതന്നെ സ്വീകരിക്കുന്ന ഒരു പ്രായോഗിക നടപടിയാകും പലപ്പോഴും രോഗം ഉൾപ്പെടെയുള്ള പരീക്ഷണങ്ങൾ. രോഗികൾ ഈയൊരു കാര്യംകൂടി ഓർത്തിരുന്നാൽ, രോഗാവസ്ഥയിൽ കൂടുതൽ സഹനം പുലർത്താൻ അത് ഉപകരിക്കും. തൽക്കാലം ചില ക്ലേശങ്ങൾ സഹിക്കേണ്ടിവന്നാലും ആത്യന്തികമായി തന്റെ പാപങ്ങൾ പൊറുക്കപ്പെടുമല്ലോ എന്നുള്ള സന്തോഷം അയാൾക്കുണ്ടാവണം. "തെറ്റുചെയ്തവൻ അതിന്റെ ഫലമനുഭവിക്കേണ്ടിവും" എന്ന സൂക്തമവതരിച്ചപ്പോൾ പ്രവാചകാനുയായികൾക്ക് വലിയ മനോവിഷമമുണ്ടായി. ഈ സൂക്തമവതരിച്ച ശേഷം എങ്ങനെ സമാധാനമായിരിക്കും എന്ന് അബൂബക്കർ(റ) നബി(സ)യോട് ചോദിച്ചു. പ്രവാചകന്റെ മറുപടി ഇങ്ങനെയായിരുന്നു: "അബൂബക്കർ, താങ്കളുടെ പാപങ്ങൾ അല്ലാഹു പൊറുത്തുതന്നിരിക്കുന്നു; താങ്കൾക്ക് രോഗം വരാറില്ലേ, കഷ്ടപ്പാടുകളുണ്ടാകാറില്ലേ, ദുഃഖങ്ങളുണ്ടാകാറില്ല, വിഷമങ്ങളുണ്ടാവാറില്ലേ...." അബൂബക്കർ(റ): "അതേ." റസൂൽ(സ): "അതൊക്കെ തന്നെയാണ് പാപത്തിന്റെ ഫലങ്ങൾ" പാപങ്ങൾ നശിപ്പിച്ചു കളയുന്ന ഒരു മാർഗമാണ് രോഗം എന്ന് നബി(സ) വ്യക്തമാക്കുകയാണിവിടെ. പാപങ്ങൾ രോഗകാരികളാണ് എന്നൊരു സൂചന കൂടി ഇവിടെയുണ്ട്. അതിനാൽ രോഗം ബാധിക്കുന്ന ആളുകൾ തങ്ങളുടെ ജീവിതരീതികളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും ഗൗരവത്തിൽ പുനരാലോചന നടത്തേണ്ടത് അനിവാര്യമാണ്. അറിഞ്ഞും അറിയാതെയും വന്നുപോയ തെറ്റുകൾ പൊറുത്തുതരാൻ നാഥനോട് അപേക്ഷിക്കുകയും വേണം. ■